പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം *172 17.03.2015 ൽ മറുപടിക്ക്

## ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തനങ്ങൾ ആധുനികവത്ക്കരിക്കാൻ കർമ്മ പദ്ധതികൾ

ചോദ്യം

ശ്രീ.പി.എ. മാധവൻ

ശ്രീ.ഹൈബി ഈഡൻ

ശ്രീ.വി.റ്റി.ബൽറാം

ശ്രീ.വി.പി.സജീന്ദ്രൻ

മറുപടി

രമേശ് ചെന്നിത്തല

(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)

| | |
|---|---|
| **എ)**ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തനങ്ങൾ ആധുനികവത്ക്കരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;<br>**ബി)**ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | **എ)യും ബി)യും** ക്രൈംബ്രാഞ്ച് വിഭാഗം ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഉത്തരവ് (എം.എസ്)നം. 124/ 2014/ആഭ്യന്തരം, 17.06.2014 പ്രകാരം 19 പോലീസ് ജില്ലകളിലും നിലവിലുള്ള ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റിനെ ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ച് (ഡി.സി.ബി) എന്നായി പുനർനാമകരണം ചെയ്യുകയും ഓരോ ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രമാദമായ കേസുകൾ അന്വേഷിക്കുന്നതിനും, ലോക്കൽ പോലീസിന്റെ അന്വേഷണത്തിൽ ആക്ഷേപങ്ങൾ ഉയരുന്ന സന്ദർഭത്തിൽ അത്തരം കേസുകൾ അന്വേഷിക്കുന്നതിനുമായി അതാത് ജില്ലകളിലെ ഡിസ്ട്രിക്റ്റ് ക്രൈംബ്രാഞ്ചിന് ചുമതല നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ച് (ഡിസിബി)-ലേക്ക് ഉള്ള നിയമനത്തിൽ കുറ്റാന്വേഷണ കേസുകളിൽ കഴിവ് തെളിയിച്ചിട്ടുള്ളതും പ്രഫഷണൽ മികവുള്ളതുമായ ഉദ്യോഗസ്ഥരെ മാത്രമേ പരിഗണിക്കുകയുള്ളു. കുട്ടികളും സ്ത്രീകളും ഉൾപ്പെട്ടിട്ടുള്ള കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിൽ വനിതാ പോലീസുകാരുടെ മതിയായ പ്രാതിനിധ്യം ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ചിൽ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. സംസ്ഥാന ക്രൈംബ്രാഞ്ച് ഇൻവെസ്റ്റിഗേഷൻ വകുപ്പിനെ പുനർഘടന നടത്തുന്നതിന് സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും സർക്കാരിന് ശുപാർശ ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ പോലീസ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി ക്രൈംബ്രാഞ്ചിന് ആവശ്യമായ ഓഫീസുകളുടെ നിർമ്മാണം, വാഹനങ്ങൾ, ക്യാമറ എന്നിവ വാങ്ങുന്നതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്. |

| | |
|---|---|
| **സി)** സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുവാനും തെളിയിക്കുവാനുമുള്ള കാര്യങ്ങൾ ആധുനികവൽക്കരണത്തിൽ ഉൾപ്പെടുത്താമോ; വിശദമാക്കാമോ;<br>**ഡി)** ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | സി) യും ഡി )യും<br>സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തെളിയിക്കുന്നതിനുമായി ക്രൈംബ്രാഞ്ചിന്റെ കീഴിൽ ഒരു സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സൈബർ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് ഒരു ഡി.വൈ.എസ്.പിയുടെയും 4 ഇൻസ്പെക്ടർ ഓഫ് പോലീസിന്റെയും തസ്തികകൾ അനുവദിച്ചിട്ടുണ്ട്. സൈബർ സെല്ലുകളിലേയ്ക്ക് ആവശ്യമായ 133 തസ്തികകൾ വിവിധ വിഭാഗങ്ങളിലായി സൃഷ്ടിച്ചിട്ടുണ്ട്. ജിഒ (എം.എസ്) 167/14/ആഭ്യന്തരം തീയതി 22.08.2014 പ്രകാരം ഒരു സൈബർ ഡോം ടെക്നോപാർക്കിൽ ആരംഭിയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 'Password Cracker', മൊബൈൽ ഫോൺ എക്സ്ട്രാക്റ്റർ, കോൾ ഡാറ്റാ അനാലിസിസ് സോഫ്റ്റ് വെയർ, സൈബർ ഫോറൻസിക് ടൂൾസ് മുതലായ ആധുനിക ഉപകരണങ്ങളും, കംപ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സൈബർ ക്രൈം കേസുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനായി തിരുവനന്തപുരത്ത് നിലവിലുള്ള സൈബർ പോലീസ് സ്റ്റേഷനു പുറമേ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യം 2015–16 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ